**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3135** **07-10-2025 - ൽ മറുപടിയ്ക്ക്**

**കൈലാസത്തുകുന്ന് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വാമനപുരം പഞ്ചായത്തിലെ കൈലാസത്തുകുന്ന് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിലുൾപ്പെട്ട നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്കും, നെടുമങ്ങാട് നിയോജക മണ്ഡലത്തിലുൾപ്പെട്ട മാണിക്കൽ പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയാണിത്.<br><br>ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി ജല ജീവൻ മിഷനിലുൾപ്പെടുത്തി 118.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. കിണറും പമ്പ്ഹൗസും നിർമ്മിക്കൽ, റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, പമ്പ്സെറ്റുകൾ, ജലവിതരണശൃംഖലകൾ എന്നിവ സ്ഥാപിക്കൽ, ഉപരിതല ജലസംഭരണികളുടെ നിർമ്മാണം, ഗാർഹിക കണക്ഷനുകൾ നൽകൽ എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്.<br><br>പാക്കേജ് ഒന്നിലുൾപ്പെട്ടിട്ടുള്ള കിണറും, പമ്പ്ഹൗസും, കൈലാസത്ത് കുന്നിലെ ജല ശുദ്ധീകരണശാല, റാ വാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയവയുടെ പ്രവൃത്തികൾ 95% പൂർത്തിയായിട്ടുണ്ട്.<br><br>പാക്കേജ് രണ്ടിലുൾപ്പെട്ടിട്ടുള്ള 18 കി.മീ. ട്രാൻസ്മിഷൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ 90%-വും, ജലവിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകൽ 80%-വും പൂർത്തിയായിട്ടുണ്ട്.<br><br>ജലശുദ്ധീകരണശാലയിലും, റാ വാട്ടർ പമ്പ് ഹൗസിലും വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം ഫണ്ടുകളാണ് വകയിരുത്തിയിട്ടുള്ളതെന്നും എത്ര കുടുംബങ്ങൾക്ക് | (ബി) | ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയാണ പദ്ധതി നടപ്പിലാക്കുന്നത്. പതിനഞ്ചായിരത്തോളം |

| | | | |
|---|---|---|---|
| | പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും വിശദമാക്കാമോ; | | കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതി 2025 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ